## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3248** **11.05.2017-ൽ മറുപടിയ്ക്ക്**

### വ്യാജ ലോട്ടറി സംബന്ധിച്ച അന്വേഷണം

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വ്യാജ ലോട്ടറി സംബന്ധിച്ച് ധനകാര്യവകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ;വിവരം ലഭ്യമാക്കുമോ; | (എ) | ധനകാര്യവകുപ്പ് അല്ല പരിശോധിക്കുന്നത്. ഒറ്റപ്പെട്ടതാണെങ്കിലും വ്യാജലോട്ടറി ടിക്കറ്റുകൾ സംബന്ധിച്ച് ഉയർന്നു വന്ന പരാതികൾ സർക്കാർ ഗൗരവത്തോടെയാണ് പരിശോധിക്കുന്നത്. അതിനാൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചുള്ള പോലീസ് അന്വേഷണമാണ് നടക്കുന്നത്. ശ്രദ്ധയിൽ വന്ന സംഭവങ്ങൾ ആസൂത്രിതമായ ഏതെങ്കിലും ശ്രമത്തിന്റെ ഭാഗമാണോ എന്നതും പരിശോധിക്കുന്നുണ്ട് |
| (ബി) | വ്യാജ ലോട്ടറിയുമായി ബന്ധപ്പെട്ട് ഏജന്റുമാരുടെ ഭാഗത്തുനിന്ന് എന്തെങ്കിലും ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ;വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. വ്യാജ ലോട്ടറിയുമായി ബന്ധപ്പെട്ട് ഇടപെടലുകൾ നടത്തിയിട്ടുണ്ട് എന്ന് സംശയമുള്ള ഏജൻറുമാരുടെ ഏജൻസി റദ്ദ് ചെയ്ത് അവർക്കെതിരെ അന്വേഷണ നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം ഇടപെടലുകളിൽ ലോട്ടറി വകുപ്പിലെ ഉദ്യോഗസ്ഥരുടെ പങ്ക് അന്വേഷിക്കുമോ; വ്യക്തമാക്കുമോ; | (സി) | വ്യാജ ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ ആരോപണങ്ങൾ ഉണ്ടായിട്ടില്ല. |
| (ഡി) | ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ ഇക്കാര്യത്തിൽ നടപടി എടുത്തിട്ടുണ്ടോ;വ്യക്തമാക്കുമോ; | (ഡി) | ഇല്ല. |

| | | | |
|---|---|---|---|
| (ഇ) | കുറ്റമറ്റരീതിയിൽ കേരള ഭാഗ്യക്കുറി നടത്തുവാൻ നടപടി സ്വീകരിക്കുമോ;ഭാഗ്യക്കുറി വകുപ്പിൽ വിജിലൻസ് സംവിധാനം നിലവിലുണ്ടോ;എങ്കിൽ ആയത് ശക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ; കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | കുറ്റമറ്റ രീതിയിലാണ് ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനം നടന്നു വരുന്നത്. ഭാഗ്യക്കുറി വകുപ്പിൽ വിജിലൻസ് സംവിധാനം നിലവിലില്ല. എന്നാൽ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

Jeyant

**സെക്ഷൻ ഓഫീസർ.**